"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ വ്യാപാര-വ്യവസായ-വാണിജ്യ ലൈസൻസുകൾ പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 30.06.2025 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1281/2025/LSGD തീയതി,തിരുവനന്തപുരം, 24-05-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.04.2025 തീയതിയിലെ LSGD/PD/31393/2024-REV3 നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2025-ലെ LSGD/PD/13088/2025-REV3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-2026-ലെ വ്യാപാര ലൈസൻസ് പുതുക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങൾ മൂലം ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് പരാമർശം 1-ഉം 2-ഉം പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകിയ വ്യാപാര-വ്യവസായ-വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസ്, പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 30.06.2025 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I / II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ(ഇ.ജി ) വകുപ്പ്
ഡയറക്ടർ, ഐ&പി ആർ ഡി/വെബ് &ന്യൂമീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി [ആർ.സി3/120/2025-തസ്വഭവ].

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 24-05-2025 14:43:38

സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ്

മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി